പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 682 27-04-2017-ൽ മറുപടിക്ക്

## നോട്ടറി നിയമനം പുതുക്കുന്നതിന് ലഭിച്ച അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം.തോമസ് | ശ്രീ. എ.കെ.ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | നോട്ടറി നിയമനം യഥാസമയം പുതുക്കുന്നതിന് അപേക്ഷ നൽകാൻ കഴിയാതെ പോയവരിൽ നിന്നും, ആയത് പുതുക്കി നൽകുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കുമോ ; | നോട്ടറി നിയമനം യഥാസമയം പുതുക്കുന്നതിന് അപേക്ഷ നൽകാൻ കഴിയാതെ പോയവരിൽ നിന്നും ആയത് പുതുക്കി നൽകുന്നതിനായി 46 അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു. |
| (ബി) | അപേക്ഷകളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ ; | പ്രസ്തുത 46 അപേക്ഷകരിൽ 17 പേർക്ക് നോട്ടറി സർട്ടിഫിക്കറ്റ് പുതുക്കി നൽകിയിട്ടുണ്ട്. 20 പേർക്ക് നോട്ടറി സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കി നൽകുന്നതുമായി ബന്ധപ്പെട്ട്, നിയമ സെക്രട്ടറി നിയമ പ്രകാരമുള്ള ഹിയറിംഗ് നടത്തി നടപടിക്രമങ്ങൾ എടുത്തുവരുന്നു. 9 പേരുടെ അപേക്ഷ നിരസിച്ചിരുന്നു. |

| | | |
|---|---|---|
| (സി) | കോഴിക്കോട് ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ? | കോഴിക്കോട് ജില്ലയിൽ നിന്നുള്ള അപേക്ഷകരിൽ ശ്രീ.റ്റി.ജെ.റോയ് (Reg.No.40/97/KKD), തേവടിയിൽ ഹൗസ്, കുടറിഞ്ഞി.പി.ഒ, കോഴിക്കോട്, ശ്രീ.എൻ.രാമകൃഷ്ണൻ (Reg.No.5/98/KKD), ശ്രീനിലയം, അരീക്കാട്, നല്ലളം.പി.ഒ, കോഴിക്കോട് – 673 027 എന്നിവർക്ക് നോട്ടറി സർട്ടിഫിക്കറ്റ് പുതുക്കി നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ നിന്നുള്ള അപേക്ഷകരിൽ ശ്രീ.വി.പി. മോഹൻദാസിന്റെ അപേക്ഷയിൽ (Reg.No.32/97/KKD), 18.04.2017-ൽ നിയമ സെക്രട്ടറി ഹിയറിംഗ് നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**